പേജ് 20 വില 7.00

# പ്രതിച്ഛായ

www.pratichaya.com

●വാല്യം 2 ●ലക്കം 35 ● എല്ലാ ബുധനാഴ്ചയും പ്രസിദ്ധീകരിക്കുന്നു ●2009 മെയ് 20

# ജനദ്രോഹഭരണത്തിനു മൂന്നുവയസ്സ്

പ്രൊഫ. കെ. രാജേന്ദ്രപ്രസാദ്




ലാവ്‌ലിൻ കേസിൽ അഡ്വക്കേറ്റ് ജനറൽ സർക്കാരിനു നല്കിയ നിയമോപദേശവും, അതംഗീകരിച്ചുകൊണ്ടു മന്ത്രിസഭ ഗവർണർക്കു സമർപ്പിച്ച അഭിപ്രായവും മൂന്നുവർഷം തികയുന്ന എൽഡിഎഫ് ഗവൺമെണ്ടിന്റെ ജനദ്രോഹ ഭരണത്തിനു മകുടം ചാർത്തിയിരിക്കുന്നു.

374 കോടി രൂപയുടെ ലാവ്‌ലിൻ അഴിമതിയിൽ ആരോപണവിധേയരായ സിപിഎം സെക്രട്ടറി പിണറായി വിജയനും കേസിൽ കൂട്ടുപ്രതികളായ ഗവൺമെണ്ട് ഉദ്യോഗസ്ഥർക്കും കോടതിയിൽ തങ്ങളുടെ നിരപരാധിത്വം തെളിയിക്കാനുള്ള അവസരമാണ് ഇതുവഴി അഡ്വക്കേറ്റ് ജനറലും സർക്കാരും നിഷേധിച്ചിരിക്കുന്നത്. ജനങ്ങളുടെ മുമ്പിൽ എന്നും കുറ്റവാളികളായി തന്നെ തുടരാനുള്ള ദുർവിധിയല്ലേ ഇതുമൂലം അവർക്കു വന്നുചേർന്നിരിക്കുന്നത്?

ഇടതുമന്ത്രിസഭ ജനങ്ങൾക്കു നല്കുന്ന ഈ മൂന്നാം വാർഷിക സമ്മാനം പിണറായിയുടെയും കൂട്ടരുടെയും യശസ്സിൽ മാത്രമല്ല കേരള ചരിത്രത്തിന്റെ താളുകളിലും എക്കാലത്തും മായ്ക്കപ്പെടാത്ത ഒരു കളങ്കം വീഴ്ത്തിയിരിക്കുന്നു. അച്യുതാനന്ദൻ സർക്കാരിന്റെ ത്രിവത്സരഭരണത്തിന്റെ ബാക്കിപത്രമെന്ത് എന്നന്വേഷിക്കുന്നവർ നിരാശപ്പെടേണ്ടി വരും, സംശയമില്ല.

ചരിത്രത്തിലെ ഏറ്റവും വലിയ ഭൂരിപക്ഷവുമായി അധികാരത്തിലെത്തിയ ഇടതുമുന്നണി ജനങ്ങൾക്കു നല്കിയിരുന്ന വാഗ്ദാനം അഴിമതി രഹിതവും വികസനോന്മുഖവുമായ ഭരണമായിരുന്നു. പക്ഷേ, മൂന്നുവർഷം പിന്നിടുമ്പോൾ ജനങ്ങൾ ഒരു സത്യം തിരിച്ചറിയുന്നു. ഇത്രയ്ക്ക് അഴിമതി നിറഞ്ഞതും വികസനവിരുദ്ധവുമായ ഒരു ഭരണം കേരളം കണ്ടിട്ടില്ല!

>> 3

# കേരളാ കോൺഗ്രസിന്റെ വളർച്ചയാണു നേട്ടം

കെ. എം. മാണി



*പി.ആർ.ഫ്രാൻസീസ് സ്മാരക പുരസ്കാരം പ്രതിപക്ഷ നേതാവ് ഉമ്മൻചാണ്ടിയിൽനിന്ന് കേരളാ കോൺഗ്രസ് (എം) ലീഡർ കെ.എം.മാണി ഏറ്റുവാങ്ങുന്നു*

സംസ്ഥാന പാർട്ടിയായ കേരളാ കോൺഗ്രസിനെ കേരളത്തിന്റെ മണ്ണിൽ വളർത്തിയെടുക്കാൻ കഴിഞ്ഞതാണ് തന്റെ രാഷ്ട്രീയ ജീവിതത്തിലെ ഏറ്റവും വലിയ നേട്ടം എന്ന് കേരളാ കോൺഗ്രസ് ലീഡർ കെ.എം.മാണി.

യശശ്ശരീരനായ കോൺഗ്രസ് നേതാവ് പി.ആർ.ഫ്രാൻസിസിന്റെ ഏഴാം ചരമവാർഷികദിനത്തിൽ മികച്ച പൊതുപ്രവർത്തകനുള്ള പി.ആർ.ഫ്രാൻസിസ് പുരസ്കാരം പ്രതിപക്ഷനേതാവ് ഉമ്മൻചാണ്ടിയിൽനിന്ന് ഏറ്റുവാങ്ങി പ്രസംഗിക്കുകയായിരുന്നു അദ്ദേഹം.

അരനൂറ്റാണ്ടുകാലത്തെ രാഷ്ട്രീയ ജീവിതത്തിൽ പ്രാദേശികപാർട്ടിയുടെ വളർച്ചയ്ക്കുള്ള പോരാട്ടത്തിൽ, ഒഴുക്കിനെതിരെ നീന്തിയാണ് മുന്നോട്ടുപോയത്. "വീണും എഴുന്നേറ്റും വീണ്ടും വീണും" ഉദ്യോഗജനകമായ രാഷ്ട്രീയ പരീക്ഷണത്തിന് നേതൃത്വം കൊടുക്കുന്നതിനിടയിൽ എനിക്ക് ദേശീയ രാഷ്ട്രീയത്തെപ്പറ്റി ചിന്തിക്കാൻ സമയം കിട്ടിയില്ല. പാലായിൽ മരങ്ങാട്ടുപള്ളി വാർഡിലെ കോൺഗ്രസ് പ്രസിഡണ്ടായാണ് ഞാൻ രാഷ്ട്രീയ ജീവിതം തുടങ്ങിയത്. പടിപടിയായാണ് രാഷ്ട്രീയരംഗത്ത് വളർന്നുവന്നത്. ഇന്ന് എല്ലാവർക്കും താഴേത്തട്ടിൽ ആരംഭിക്കാതെ നേരേ സംസ്ഥാന നേതാവ് ആകാനാണ് താത്പര്യം. രാഷ്ട്രീയ രംഗത്തെ ഗതിവിഗതികളാണ് വ്യക്തിപരവും സംഘടനാപരവുമായ മാറ്റങ്ങൾ ഉണ്ടാക്കുന്നത്.

പുരസ്കാരതുകയായ 15,000 രൂപ സേവനപ്രവർത്തനങ്ങൾക്കായി പി.ആർ.ഫ്രാൻസിസ് സ്മാരക സമിതിക്കുതന്നെ അദ്ദേഹം തിരിച്ചുനല്കി. എംഎൽഎയും ട്രേഡ് യൂണിയൻ നേതാവും എന്ന നിലകളിൽ തൊഴിലാളികളുടെ താത്പര്യങ്ങൾക്കായി പ്രതിബദ്ധതയോടെ വാദിച്ചയാളാണ് പി.ആർ.ഫ്രാൻസീസെന്ന് കെ.എം.മാണി പറഞ്ഞു.

"കെ.എം.മാണിസാറിന്റെ കഴിവനുസരിച്ചുള്ള അംഗീകാരം അദ്ദേഹത്തിന് ലഭിച്ചിട്ടില്ലെന്ന് പുരസ്കാരചടങ്ങ് ഉദ്ഘാടനം ചെയ്തുകൊണ്ട് പ്രതിപക്ഷനേതാവ് ഉമ്മൻചാണ്ടി പറഞ്ഞു".

പ്രാദേശികപാർട്ടിയുടെ നേതാവ് എന്ന നിലയിൽ മാണിസാർ കേരളത്തിൽ ഒതുങ്ങിപ്പോയി. ദേശീയ രാഷ്ട്രീയത്തിൽ ആയിരുന്നെങ്കിൽ ദേശീയ തലത്തിലെ ഉന്നതനായ നേതാവ് ആകുമായിരുന്നെന്ന് അദ്ദേഹം പറഞ്ഞു. ഞാൻ കെ.എസ്.യു പ്രവർത്തകനായിരിക്കുമ്പോൾ മാണിസാർ കോട്ടയത്ത് ഡിസിസി ജനറൽ സെക്രട്ടറിയായിരുന്നു-പ്രതിപക്ഷ നേതാവ് ഓർമ്മിച്ചു.

ചടങ്ങിൽ ഡിസിസി പ്രസിഡണ്ട് സി.എൻ.ബാലകൃഷ്ണൻ അധ്യക്ഷത വഹിച്ചു. അവാർഡ് ജേതാവിനെ മുൻ സാഹിത്യ അക്കാഡമി സെക്രട്ടറി ഡോ.പി.വി.കൃഷ്ണൻ നായർ പരിചയപ്പെടുത്തി. മാർക്സിയൻ സിദ്ധാന്തത്തിന്റെ തകർച്ച പതിറ്റാണ്ടുകൾക്കുമുൻപ് പ്രവചിച്ച അന്തർദേശീയ വീക്ഷണമുള്ള നേതാവാണ് മാണിസാർ എന്ന് കൃഷ്ണൻ നായർ പറഞ്ഞു.

തേറമ്പിൽ രാമകൃഷ്ണൻ എംഎൽഎ, അഡ്വ.തോമസ് ഉണ്ണിയാടൻ എംഎൽഎ, മുൻമന്ത്രി കെ.പി.വിശ്വനാഥൻ, ടി.വി. ചന്ദ്രമോഹൻ, എ.എൽ.സെബാസ്റ്റ്യൻ, എം.പി.ഭാസ്ക്കരൻനായർ, ജോസഫ് പെരുമ്പിള്ളി എന്നിവർ പ്രസംഗിച്ചു. സ്മാരക സമിതി സെക്രട്ടറി അഡ്വ.പയസ് മാത്യു സ്വാഗതവും പി.ജി.ബാലൻ നന്ദിയും പറഞ്ഞു.

*അനുസ്മരണം*



ജംഷേഡ്ജി ടാറ്റ
(1839 – 1904) 12

*മുഖപ്രസംഗം*
യുഡിഎഫ് ഹർത്താൽ ജനങ്ങളുടെ വികാരപ്രകടനം 2

*ഗണിതശാസ്ത്രത്തിലെ പ്രതിഭാശാലികൾ*
കെ.ഇ.ലിറ്റിൽവുഡ് 2
പള്ളിയറ ശ്രീധരൻ

*കാഴ്ചവട്ടം*
കുറ്റവാളികൾ സ്ഥാനാർത്ഥികളാകുമ്പോൾ? 4
പ്രൊഫ. മാടവന ബാലകൃഷ്ണപിള്ള

*രാഷ്ട്രീയകേരളം*
സിപിഎമ്മിന്റെ മുഖംമൂടി അഴിഞ്ഞുവീഴുന്നു 5
സാബു ജോൺ

*മനസ്സറിയുക ശരീരവും*
ആത്മവിശ്വാസവും ജീവിതവിജയവും 6
ഡോ. (സി.) ഷാലു കോയിക്കര

*ചുവരെഴുത്തുകൾ*
പൂതാടി പഞ്ചായത്തിനും തൊഴിലാളി സംഘടനകൾക്കും ലജ്ജിക്കാനൊരുകാലം 7
ശ്വേതകേതു

*ഇതാണു നിയമം*
അഴിമതി നിരോധന നിയമം –1988 10
അഡ്വ. ചാർളി പോൾ

*ചരിത്രം*
മൈസൂറിന്റെ ശക്തിയും മലബാറിന്റെ പ്രാധാന്യവും 11
ഡോ. എ.പി. ഇബ്രാഹിംകുഞ്ഞ്

*ജർമൻ ഡയറി*
അൻഗെലാ മെർക്കൽ വിജയം ആവർത്തിക്കുമോ? 9
ജോർജ് കുറ്റിക്കാട്ട്

*പുനരാഖ്യാനം*
മഹാഭാരതം 14
സവ്യസാചി

മറ്റു പംക്തികളും

പ്രതിച്ഛായ
രാഷ്ട്രീയ സാംസ്കാരിക വാർത്താവാരിക
വാല്യം 2 ലക്കം 35
2009 മെയ് 20
പ്രൊഫ. ഡോ. കുര്യാസ് കുമ്പളക്കുഴി

*നിയമങ്ങൾക്ക് സംസാരിക്കാൻ കഴിഞ്ഞാൽ അവ ആദ്യം പരാതിപ്പെടുക നിയമജ്ഞരെക്കുറിച്ചായിരിക്കും.*
*– സാവിലെ*

# യുഡിഎഫ് ഹർത്താൽ ജനങ്ങളുടെ വികാരപ്രകടനം

യുഡിഎഫ് ഹർത്താലിന് ആഹ്വാനം ചെയ്യുന്നതും ആചരിക്കുന്നതും എന്തോ മഹാപാതകമാണെന്നു പലരും കരുതുന്നു. ബന്ദും ഹർത്താലുമൊക്കെ ഇടതുപക്ഷത്തിനു മാത്രം അവകാശപ്പെട്ട സമരമാർഗങ്ങളാണെന്നു വേറെ ചിലരും ധരിച്ചുവച്ചിരിക്കുന്നു.

ഹർത്താൽ ഒരു ജനകീയ പ്രതിഷേധമാണ്. പക്ഷേ, അത് എല്ലാ ജനങ്ങളും ഏകകണ്ഠമായി നടപ്പാക്കുന്നതല്ല. ജനാധിപത്യത്തിൽ വ്യത്യസ്താഭിപ്രായങ്ങൾക്കു സ്ഥാനമുള്ളതുകൊണ്ട് ഒരിക്കലും എല്ലാവരും യോജിക്കുന്ന രാഷ്ട്രീയ തീരുമാനങ്ങൾ ഉണ്ടാവില്ല. ഏതിനും ചുരുങ്ങിയത് ഒരു ഭരണപക്ഷാഭിപ്രായവും മറ്റൊരു പ്രതിപക്ഷാഭിപ്രായവും ഉണ്ടാകും.

പക്ഷേ, ഈ അഭിപ്രായങ്ങൾ സ്വാഭാവികമായി ഉരുത്തിരിഞ്ഞു വരുന്നവയല്ല. വ്യത്യസ്ത ചേരികൾക്കു നേതൃത്വം നല്കുന്നവർ അവരോടൊപ്പം നില്ക്കുന്നവരുടെ വികാരങ്ങൾ സമന്വയിപ്പിച്ചു രൂപപ്പെടുത്തുന്ന അഭിപ്രായത്തെയാണു നമ്മൾ പൊതുജനാഭിപ്രായം എന്നു വിളിക്കുന്നത്. ഇത് അനുകൂലവും പ്രതികൂലവുമായ അഭിപ്രായങ്ങളെ സംബന്ധിച്ചും സമാനമാണ്.

ലാവ്‌ലിൻ അഴിമതിക്കേസ് സിപിഎം കൈകാര്യം ചെയ്യുന്ന രീതിയെപ്പറ്റി ആ പാർട്ടിക്കുള്ളിൽ പോലും അഭിപ്രായവ്യത്യാസമുണ്ട്. പാർട്ടി സെക്രട്ടറി കേസിൽ പ്രതിയായതുകൊണ്ട് അദ്ദേഹത്തെ നിരുപാധികം കുറ്റവിമുക്തനാക്കുംവിധം കേസ് അട്ടിമറിക്കുന്നതിനോടു സിപിഎം മുഖ്യമന്ത്രിക്കുപോലും യോജിക്കാൻ കഴിയുന്നില്ല. അപ്പോൾ പൊതുജനങ്ങളുടെ വികാരം ഏകകണ്ഠമായിരിക്കില്ലെന്നു വ്യക്തമാണല്ലോ?

ലാവ്‌ലിൻ കേസിൽ പിണറായി വിജയൻ കുറ്റക്കാരനല്ലെന്നും അതൊരു രാഷ്ട്രീയ കേസു മാത്രമാണെന്നും ഉദാസീനമായി കരുതിയിരുന്നവർ പോലും ഇപ്പോൾ ചിന്താകുഴപ്പത്തിലായിരിക്കുന്നു. പ്രതിയാക്കപ്പെട്ടയാൾ കുറ്റക്കാരനല്ലെങ്കിൽ അയാൾക്കു നിയമത്തിന്റെ വഴിയിലൂടെ തന്നെ തന്റെ നിരപരാധിത്വം തെളിയിക്കാവുന്നതല്ലേയുള്ളു? പിന്നെന്താണിത്ര പെടാപ്പാടുപെടുന്നത്? എന്തിനാണു രാഷ്ട്രീയമായി മാത്രം കേസിനെ നേരിടാൻ ശ്രമിക്കുന്നത്? അദ്ദേഹം യഥാർത്ഥത്തിൽ കുറ്റക്കാരൻ തന്നെയായിരിക്കും. ഇത്തരമൊരു തിരിച്ചറിവിലേക്കു കേരളത്തിലെ നല്ലൊരു വിഭാഗം ജനങ്ങൾ എത്തിച്ചേർന്നു കഴിഞ്ഞിരിക്കുന്നു.

ഈ വസ്തുത യുഡിഎഫിന്റെ ഉത്തരവാദിത്വം വർധിപ്പിക്കുന്നു എന്നതാണു സത്യം. ജനങ്ങളുടെ അമർഷവും രോഷവും പ്രതിഷേധവുമൊക്കെ അവർ നേരിട്ടു പ്രകടിപ്പിക്കുക എളുപ്പമല്ല. ആ വികാരം ഉൾക്കൊണ്ട് പ്രതിഷേധം പ്രകടിപ്പിക്കാൻ വേദി ഒരുക്കുകയും അറിയിക്കേണ്ടവരെ അറിയിക്കുകയും ചെയ്യുകയെന്നതു പ്രതിപക്ഷത്തിന്റെ ബാധ്യതയായി മാറുന്നു.

പിണറായി വിജയനെയും ഗവൺമെണ്ട് ഉദ്യോഗസ്ഥരായിരുന്ന മറ്റുചില പ്രതികളെയും പ്രോസിക്യൂട്ട് ചെയ്യാൻ സിബിഐ ഗവർണറുടെയും ഗവൺമെണ്ടിന്റെയും അനുവാദം തേടിയിരുന്നു. ഗവർണർ തനിക്കുകിട്ടിയ അഭ്യർത്ഥന മന്ത്രിസഭയ്ക്ക് കൈമാറി. മന്ത്രിസഭ അതു നിയമവകുപ്പിനയയ്ക്കാതെ നേരിട്ട്, തങ്ങൾ തന്നെ നിയമിച്ച അഡ്വക്കേറ്റ് ജനറലിനയച്ചു. എല്ലാവരും പ്രതീക്ഷിച്ചതു പോലെ പിണറായിയെ പ്രോസിക്യൂട്ടു ചെയ്യേണ്ടതില്ലെന്ന നിയമോപദേശം അദ്ദേഹം സർക്കാരിനു നല്കി. മുഖ്യമന്ത്രിക്കു ചില്ലറ അഭിപ്രായവ്യത്യാസങ്ങളുണ്ടായിരുന്നെങ്കിലും അഡ്വക്കേറ്റ് ജനറലിന്റെ ഉപദേശം സ്വീകരിച്ച്, മന്ത്രിസഭ പിണറായിയെ പ്രോസിക്യൂട്ടു ചെയ്യേണ്ടതില്ലെന്ന അഭിപ്രായം ഗവർണറെ അറിയിച്ചു. കൂട്ടത്തിൽ മുൻ ഗവൺമെണ്ടുദ്യോഗസ്ഥരെയും പ്രോസിക്യൂഷനിൽ നിന്നൊഴിവാക്കി.

സത്യം ഇത്രയ്ക്കു പരസ്യമായി വെല്ലുവിളിക്കപ്പെട്ടപ്പോൾ ജനങ്ങൾക്കുള്ളിൽ പുകയുന്ന പ്രതിഷേധം പ്രകടിപ്പിക്കാൻ എല്ലാ വഴികളും സ്വീകരിക്കാൻ പ്രതിപക്ഷം നിർബന്ധിതമായി. അതിന്റെ ആദ്യപടിയെന്ന നിലയിലാണു ഹർത്താലിന് ആഹ്വാനം ചെയ്തത്.

അതും ചാടിക്കയറിയുള്ള ആഹ്വാനമായിരുന്നില്ല. ലാവ്‌ലിൻ കേസ് അട്ടിമറിക്കാനിടയാക്കരുത്, കുറ്റവാളികളെ രക്ഷപെടാൻ അനുവദിക്കരുത് എന്ന തങ്ങളുടെ ആവശ്യം അവർ ഗവർണറുടെയും മുഖ്യമന്ത്രിയുടെയും മുന്നിൽ സമർപ്പിച്ചിരുന്നു. എജിയുടെ നിയമോപദേശം സ്വീകരിക്കരുതെന്ന് ഗവൺമെണ്ടിനോടാവശ്യപ്പെടുകയും, സ്വീകരിച്ചാൽ ഹർത്താൽ ഉൾപ്പെടെയുള്ള പ്രതിഷേധസമരങ്ങൾ ഉണ്ടാകുമെന്നു മുന്നറിയിപ്പു നല്കുകയും ചെയ്തിരുന്നു. ഇത്രയും പശ്ചാത്തലമൊക്കെയുണ്ടായിട്ടും യുഡിഎഫ് ആഹ്വാനം ചെയ്ത ഹർത്താൽ ജനദ്രോഹമായി എന്നു കരുതുന്നവർ സത്യത്തിനെതിരെ കണ്ണടയ്ക്കുന്നവരാണ്. വസ്തുതകൾ വസ്തുനിഷ്ഠമായി ഉൾക്കൊള്ളാൻ മനസ്സില്ലാത്തവരാണ്.

പക്ഷേ, ഹർത്താലിന് ആഹ്വാനം ചെയ്തപ്പോൾ ഒരബദ്ധം പറ്റി. ജനജീവിതം സ്തംഭിപ്പിക്കും എന്ന് പ്രഖ്യാപിക്കേണ്ടതില്ലെങ്കിലും വാഹനങ്ങൾ തടയുകയോ കടകൾ അടപ്പിക്കുകയോ ചെയ്യില്ല എന്ന് ഉദാരമനസ്കത പ്രകടിപ്പിക്കുന്നതു രാഷ്ട്രീയ തന്ത്രമല്ല. അത്യാവശ്യ സർവീസുകൾക്കു തടസ്സമുണ്ടാക്കില്ല എന്ന ഉറപ്പേ അവർ നല്കേണ്ടിയിരുന്നുള്ളു. വ്യാപാരസ്ഥാപനങ്ങൾ അടച്ചിട്ടും വാഹനങ്ങൾ നിരത്തിലിറക്കാതെയും യാത്രകൾ ഒഴിവാക്കിയും ഈ ധാർമികപ്രതിഷേധത്തിൽ പങ്കാളികളാവണം എന്നു ജനങ്ങളോടഭ്യർത്ഥിക്കേണ്ടത് അവരുടെ പ്രാഥമിക ചുമതലയായിരുന്നു. മറിച്ച്, ഞങ്ങൾ ഹർത്താലിനാഹ്വാനം ചെയ്യുന്നു. മനസ്സുള്ളവർ സഹകരിച്ചുകൊള്ളണം എന്ന നിലപാട് ഒരർത്ഥത്തിൽ ജനങ്ങളെ പരിഹസിക്കലാണ്. അങ്ങനെ സംഭവിച്ചുപോയതുകൊണ്ടാണ് പൂർണമായും സമാധാനപരമാകുമായിരുന്ന ഹർത്താലിൽ ചില്ലറ അക്രമങ്ങൾ ഉണ്ടായത്.

ഹർത്താൽ പൂർണമായും ഒഴിവാക്കപ്പെടേണ്ട സമരമാർഗമല്ല. അതെങ്ങനെ നടത്തണം എന്ന്, അഹിംസയുടെ ആൾരൂപമായ രാഷ്ട്രപിതാവു മഹാത്മാഗാന്ധി തന്നെ നമുക്കു മാതൃക നല്കിയിട്ടുണ്ട്. എതിരഭിപ്രായക്കാരെ അടിച്ചൊതുക്കിക്കൊണ്ടല്ല, സഹനസമരത്തിന്റെ പാത സ്വയം തെരഞ്ഞെടുത്തുകൊണ്ടാണു ഹർത്താലുകൾ നടത്തപ്പെടേണ്ടത്. അപ്പോൾ മാത്രമേ അതു ജനങ്ങളുടെ പ്രതിഷേധപ്രകടനം എന്ന നിലയിലേക്കുയരുകയുള്ളു.

ഗണിതശാസ്ത്രത്തിലെ പ്രതിഭാശാലികൾ

# കെ.ഇ.ലിറ്റിൽവുഡ്സ്

**പള്ളിയറ ശ്രീധരൻ**



ഇംഗ്ലണ്ടിൽ ശ്രീനിവാസ രാമാനുജന്റെ സഹപ്രവർത്തകനായിരുന്ന ജോൺ എഡൻസർ ലിറ്റിൽ വുഡ് 1885ൽ ഇംഗ്ലണ്ടിൽ ജനിച്ചു. പിതാവ് എഡ്‌വേർഡ് ഒരു ഗണിതശാസ്ത്രജ്ഞനായിരുന്നു. മാതാവ് സിൽവിയ ലിറ്റിൽവുഡ്സ്. അവരുടെ മൂത്തമകനായിരുന്നു ജോൺ. രണ്ടാമത്തെ മകൻ വൈദ്യശാസ്ത്രമാണ് പഠിച്ചത്. മൂന്നാമത്തെ മകൻ എട്ടാം വയസ്സിൽ പാലത്തിൽനിന്ന് ഒരു കായലിലേക്ക് വീണ് അകാലചരമമടഞ്ഞു.

ജോണിന് ഏഴുവയസ്സുള്ളപ്പോൾ പിതാവ് രണ്ട് ജോലികളിലൊന്ന് തെരഞ്ഞെടുക്കാൻ നിർബന്ധിതനായി. കേംബ്രിഡ്ജിലെ മഗ്ദലെയ്ൻ കോളജിൽ ഒരു ഫെലോഷിപ്പും, സൗത്ത് ആഫ്രിക്കയിൽ ഒരു സ്കൂളിന്റെ ഹെഡ്മാസ്റ്റർ സ്ഥാനവും. അദ്ദേഹം ഹെഡ്മാസ്റ്റർ സ്ഥാനം സ്വീകരിക്കാനാണ് തയ്യാറായത്. അങ്ങനെ കുടുംബസമേതം സൗത്ത് ആഫ്രിക്കയിലെത്തി.

**ശരാശരിയെക്കാൾ അല്പം കുറഞ്ഞ ഉയരമുണ്ടായിരുന്ന ലിറ്റിൽവുഡ്സ് ഒരു ഉറച്ച ശരീരത്തിന്റെ ഉടമയായിരുന്നുവെങ്കിലും വിഷാദരോഗം അദ്ദേഹത്തെ അലട്ടിയിരുന്നു. ആളുകൾ കൂടിയിരിക്കുന്ന ഒരു സദസ്സിൽ പങ്കെടുക്കാൻ അദ്ദേഹം വൈമനസ്യം കാണിച്ചിരുന്നു. അതുകൊണ്ട് തന്നെ യാതൊരു വിധത്തിലുള്ള സംഘടനകളുടെയും ഭാരവാഹിത്വങ്ങൾ അദ്ദേഹം വഹിച്ചിരുന്നില്ല. ലണ്ടൻ മാത്തമാറ്റിക്കൽ സൊസൈറ്റിയുടെ പ്രസിഡണ്ടായി രണ്ടുവർഷമുണ്ടായിരുന്നുവെങ്കിലും ഒരിക്കലും യോഗങ്ങളിൽ അധ്യക്ഷത വഹിച്ചിരുന്നില്ല.**

സൗത്ത് ആഫ്രിക്കയിലെ അധ്യാപകരുടെ നിലവാരം വളരെ മോശമായിരുന്നു. ലിറ്റിൽ വുഡ്സ് കണക്ക് പരീക്ഷയിൽ തോറ്റു. ഇവിടെ പഠനം തുടർന്നാൽ മകൻ എവിടെയും എത്താനിടയില്ലെന്ന് മനസ്സിലാക്കിയ പിതാവ് ലിറ്റിൽ വുഡ്സിനെ ഇംഗ്ലണ്ടിലേക്ക് തന്നെ കൊണ്ടുപോയി. 1900ൽ ലിറ്റിൽ വുഡ്സ് ലണ്ടനിലെ സെന്റ് പോൾസ് സ്കൂളിൽ ചേർന്നു. ഭാഗ്യവശാൽ അവിടെ ഗണിതത്തിന് വളരെ സമർത്ഥനായ ഒരു അധ്യാപകനെ കിട്ടി. അവിടെ പഠിച്ചു കൊണ്ടിരുന്നപ്പോൾ കേംബ്രിഡ്ജിലേക്ക് ഒരു സ്കോളർഷിപ്പ് കിട്ടി. 1903ൽ കേംബ്രിഡ്ജിലെ ട്രിനിറ്റി കോളജിൽ ചേർന്നു.

ട്രിനിറ്റി കോളജിലെ ലിറ്റിൽവുഡ്സിന്റെ അധ്യാപകൻ, 'മാത്തമാറ്റിക്കൽ റിക്രിയേഷൻസ് ആൻഡ് എസ്സെയ്സ്' എന്ന പ്രശസ്ത ഗ്രന്ഥത്തിന്റെ കർത്താവായ വാൾട്ടർ റൗസ്സ് ബാൾ ആയിരുന്നു. അദ്ദേഹത്തിന്റെ ശിക്ഷണം ലിറ്റിൽവുഡ്സിനെ ഒരു ഉയർന്ന ഗണിതശാസ്ത്രജ്ഞനാവാൻ സഹായിച്ചു. 1907 മുതൽ 1910 വരെ അദ്ദേഹം മാഞ്ചസ്റ്റർ സർവകലാശാലയിൽ അധ്യാപകനായി ജോലി നോക്കിയിരുന്നു. 1908ൽ സ്മിത്ത് പ്രൈസ് കിട്ടിയ ലിറ്റിൽവുഡ്സ്, ട്രിനിറ്റി കോളജിൽ ഫെലോ ആയി. ഒന്നാം ലോകമഹായുദ്ധകാലത്ത് അദ്ദേഹം സൈനിക സേവനം നടത്തിയിരുന്നു. യുദ്ധോപകരണങ്ങൾ കൈകാര്യം ചെയ്യാൻ ചുമതലപ്പെട്ടിരുന്ന ലിറ്റിൽവുഡ്സ് അവയുടെ പ്രവർത്തനങ്ങൾക്ക് പല പരിഷ്കാരങ്ങളും ഏർപ്പെടുത്തുകയുണ്ടായി.

1925ൽ വാൾട്ടർ റൗസ് ബാൾ അന്തരിച്ചു. അദ്ദേഹത്തിന്റെ പേരിൽ കേംബ്രിഡ്ജ് സർവകലാശാലയിൽ സ്ഥാപിക്കപ്പെട്ട പ്രൊഫസർ പദവിയിൽ ലിറ്റിൽവുഡ്സ് നിയമിതനായി. ഈ ഉദ്യോഗത്തിന്റെ പ്രത്യേകത, സർവകലാശാലയിലെ നിർദ്ദിഷ്ട പാഠഭാഗങ്ങൾ പഠിപ്പിക്കേണ്ടതില്ല. ഇഷ്ടമുള്ള ഗണിതഭാഗങ്ങൾ പഠിപ്പിക്കാമെന്നായിരുന്നു. ഇത് അദ്ദേഹത്തിന് ഗവേഷണത്തിൽ മുഴുകാൻ പ്രേരണയായി.

പ്രശസ്ത ഗണിതശാസ്ത്രജ്ഞൻ ജി. എച്ച്.ഹാർഡിയും ശ്രീനിവാസ രാമാനുജനും ഇദ്ദേഹത്തോടൊപ്പം പ്രവർത്തിച്ചിരുന്നു. ഇങ്ങനെ ഗണിത ശാസ്ത്രരംഗത്ത് ഹാർഡി–ലിറ്റിൽവുഡ്സ്–രാമാനുജൻ എന്ന ഒരു ടീം രൂപപ്പെട്ടു. ഇവർ മൂന്നുപേരും ഗണിതശാസ്ത്രരംഗത്ത് മികച്ച സംഭാവനകളാണ് നല്കിയത്. പക്ഷേ അസുഖം കാരണം രാമാനുജന് അവരോടൊപ്പം ദീർഘകാലം പ്രവർത്തിക്കാൻ സാധിച്ചില്ല.

ശരാശരിയെക്കാൾ അല്പം കുറഞ്ഞ ഉയരമുണ്ടായിരുന്ന ലിറ്റിൽവുഡ്സ് ഒരു ഉറച്ചശരീരത്തിന്റെ ഉടമയായിരുന്നുവെങ്കിലും വിഷാദരോഗം അദ്ദേഹത്തെ അലട്ടിയിരുന്നു. ആളുകൾ കൂടിയിരിക്കുന്ന ഒരു സദസ്സിൽ പങ്കെടുക്കാൻ അദ്ദേഹം വൈമനസ്യം കാണിച്ചിരുന്നു. അതുകൊണ്ട് തന്നെ യാതൊരു വിധത്തിലുള്ള സംഘടനകളുടെയും ഭാരവാഹിത്വങ്ങൾ അദ്ദേഹം വഹിച്ചിരുന്നില്ല. ലണ്ടൻ മാത്തമാറ്റിക്കൽ സൊസൈറ്റിയുടെ പ്രസിഡണ്ടായി രണ്ടുവർഷമുണ്ടായിരുന്നുവെങ്കിലും ഒരിക്കലും യോഗങ്ങളിൽ അധ്യക്ഷത വഹിച്ചിരുന്നില്ല. വൈസ് പ്രസിഡണ്ടാണ് ഇക്കാര്യങ്ങൾ നിർവഹിച്ചിരുന്നത്.

കളികളിലും സംഗീതത്തിലും ലിറ്റിൽവുഡ്സിന് വളരെ താത്പര്യമായിരുന്നു. ക്ലാസ്സിക്കൽ സംഗീതത്തോടായിരുന്നു കൂടുതൽ അടുപ്പം. വയലിൻ പഠിച്ചിരുന്നു. ധാരാളം നടക്കുന്ന ശീലവും ഉണ്ടായിരുന്നു.

ഗവേഷണത്തിലൂടെ ഗണിതശാസ്ത്രത്തിന് നിരവധി സംഭാവനകൾ നല്കിയ ലിറ്റിൽവുഡ്സിന് അനേകം സമ്മാനങ്ങളും ബഹുമതികളും ലഭിച്ചു. 1915ൽ അദ്ദേഹം റോയൽ സൊസൈറ്റിയുടെ ഫെലോ ആയി തെരഞ്ഞെടുക്കപ്പെ. സ്വീഡിഷ് അക്കാദമി, ഡാനിഷ് അക്കാദമി, പാരീസ് അക്കാദമി എന്നീ സ്ഥാപനങ്ങൾ അദ്ദേഹത്തെ ആദരിച്ചു. ലിവർപൂൾ, സെന്റ് ആൻഡ്രൂസ്, കേംബ്രിഡ്ജ് എന്നീ സർവകലാശാലകൾ ഓണററി ബിരുദം നല്കി. റോയൽ മെഡൽ (1929), സിൽവെസ്റ്റർ മെഡൽ (1943), കോപ്ലെ മെഡൽ (1958), ഡീമോർഗൻ മെഡൽ (1938), ബെർവിക്ക് പ്രൈസ് (1960) എന്നീ പുരസ്കാരങ്ങളും അദ്ദേഹത്തിന് ലഭിച്ചു. 1977ൽ ലിറ്റിൽ വുഡ്സ് അന്തരിച്ചു. □

CYAN MAGENTA YELLOW BLACK



>> 1

# ജനദ്രോഹഭരണത്തിനു മൂന്ന് വയസ്സ്

വികസനമേഖലയിൽ നാളിതുവരെ ഈ സർക്കാരിന്റെ നേട്ടം വട്ടപ്പൂജ്യമാണ്. നാല്പതിനായിരം കോടിരൂപയുടെ വികസനപദ്ധതികൾ കേന്ദ്രഗവൺമെണ്ട് സാങ്കേതികതലത്തിൽ അംഗീകരിച്ചു നല്കിയിട്ടും, അവയിലൊന്നും തന്നെ കാര്യക്ഷമമായി നടപ്പിൽ വരുത്താൻ ഈ സർക്കാരിനു കഴിയാതെ പോയി. ദേശീയ തൊഴിലുറപ്പു പദ്ധതിയും, ഗ്രാമീണ ആരോഗ്യ സംരക്ഷണ പദ്ധതിയും പോലും വ്യാപകമായി നടപ്പിലാക്കി കേരളത്തിലെ പാവപ്പെട്ടവർക്ക് ആശ്വാസം പകരാൻ, സാമൂഹികനീതിക്കുവേണ്ടി ഘോരഘോരം അലമുറയിടുന്ന സിപിഎമ്മിന്റെ നേതൃത്വത്തിലുള്ള ഗവൺമെണ്ടിനു കഴിയാത്തതിന്റെ പിന്നിൽ രാഷ്ട്രീയകാരണങ്ങളാണുള്ളത്.

കുട്ടനാടിന്റെയും ഇടുക്കിയുടെയും വയനാടിന്റെയും വികസനത്തിനും കാർഷികസംരക്ഷണത്തിനുമുള്ള പാക്കേജുകളുടെ കാര്യത്തിൽ സംസ്ഥാന ഗവൺമെണ്ടു പ്രകടിപ്പിച്ച അലംഭാവം ചരിത്രം പൊറുക്കുകയില്ല. അത്യന്തം നിർണായകമായ ഭക്ഷ്യസുരക്ഷാപദ്ധതിയുടെ കാര്യത്തിൽ ഇവിടെ നടന്ന ലജ്ജാകരമായ രാഷ്ട്രീയനാടകം കേരളത്തിന് ഒരു കാലത്തും മറക്കാനാവുകയില്ല. സമീപ സംസ്ഥാനങ്ങളൊക്കെ കേന്ദ്രത്തിൽ നിന്നും ലഭിക്കാവുന്ന സഹായങ്ങൾ കണക്കുപറഞ്ഞു വാങ്ങിച്ചെടുക്കുമ്പോൾ കേന്ദ്രവിരുദ്ധപ്രസംഗങ്ങൾ നടത്തി കേരള സർക്കാർ ചാരുകസാലയിൽ ഞെളിഞ്ഞിരിക്കുകയാണ്! വികസനപദ്ധതികൾ ഏറ്റെടുത്തു നടപ്പാക്കിയാൽ രണ്ടു പ്രശ്നങ്ങൾ ഉണ്ടാകാമെന്നാണു സിപിഎമ്മിന്റെ കണക്കുകൂട്ടൽ. ഒന്ന്, കേന്ദ്രവിരുദ്ധ പ്രസംഗങ്ങൾ നടത്തി കൈയടി വാങ്ങാനുള്ള അവസരം ഇല്ലാതാകും. രണ്ട്, വികസനം വന്നാൽ, വികസിത മേഖലകളിൽ പൊതുവെ സംഭവിക്കാറുള്ള രാഷ്ട്രീയനഷ്ടം ഇവിടെയും കമ്യൂണിസ്റ്റു പാർട്ടിക്കുണ്ടാകും.

ഇതുകൊണ്ടാണ് ഭരണപരമായ കാര്യങ്ങളിലെന്നതിനെക്കാൾ ശ്രദ്ധ മന്ത്രിമാർ പോലും പാർട്ടികാര്യങ്ങൾക്കു നല്കുന്നത്. പാർട്ടിയുടെ സംസ്ഥാന സമ്മേളനത്തിനുള്ള ഒരുക്കങ്ങൾക്കിടയിൽ സമ്പൂർണ ബജറ്റ് തയ്യാറാക്കാൻ കഴിഞ്ഞില്ല എന്ന നിരുത്തരവാദപരമായ വെളിപ്പെടുത്തൽ നടത്തിയ ഒരു ധനമന്ത്രിയാണു നമുക്കുള്ളത്. ഒരു സാമ്പത്തികശാസ്ത്രവിദഗ്ധനെന്നു പലരും തെറ്റിധരിച്ചുപോയ അദ്ദേഹം അവതരിപ്പിച്ച എല്ലാ ബജറ്റുകളും വികസന നിർദേശങ്ങളുടെ അഭാവം കൊണ്ടു ശുഷ്കമായിപ്പോയി എന്ന സത്യം എല്ലാവരും തിരിച്ചറിഞ്ഞിട്ടുണ്ട്.

ഭരണപരമായ മികവു തെല്ലുമില്ലെങ്കിലും കേരളത്തിൽ എന്തൊക്കെയോ നടക്കുന്നുണ്ട് എന്ന പ്രതീതി നിലനിർത്താൻ എൽഡിഎഫിനു കഴിയുന്നത് അവരുടെ ഇടയിലെ അഭിപ്രായവ്യത്യാസങ്ങളും ഗ്രൂപ്പു വഴക്കുകളും മാധ്യമങ്ങളിലും തെരുവിലും ഒരേസമയം വിസ്തരിച്ചലക്കുന്നതുകൊണ്ടാണ്. ആദിയും അന്തവുമില്ലാതെ പെരുത്തുപോകുന്ന അച്യുതാനന്ദ-പിണറായി വഴക്ക്, പരസ്പരം വിഴുങ്ങിയ രണ്ടു പാമ്പുകളുടെ അവസ്ഥയിലാണിന്നു സിപിഎമ്മിനെ എത്തിച്ചിരിക്കുന്നത്. ആര് ആരെ വിഴുങ്ങും എന്നു തീർത്തുപറയാൻ നിർവാഹമില്ലാത്ത കടങ്കഥയായി അതു കേരളീയരെ മുഴുവൻ ചിന്താക്കുഴപ്പത്തിലാക്കിയിരിക്കുന്നു.



*ഇനിയും സ്മാർട്ടാകാത്ത സിറ്റി!*

മൂന്നാംവർഷത്തിൽ നടന്ന സിപിഎം പരിപാടികളിൽ കെങ്കേമം നവകേരള മാർച്ച് ആയിരുന്നു എന്നു പറയാം. മാർച്ച് തുടങ്ങുന്നതിനു മുമ്പുതന്നെ പിണറായിയുടെ രാഷ്ട്രീയ വ്യക്തിത്വത്തിനു മാരകമായ പ്രഹരം ഏല്പിച്ചുകൊണ്ടു സിബിഐ ലാവ്‌ലിൻ അന്വേഷണറിപ്പോർട്ടു ഹൈക്കോടതിയിൽ സമർപ്പിച്ചു. കേസിൽ ഒമ്പതാം പ്രതിയായാണു പിണറായി. അഴിമതിക്കേസ്സിൽ പ്രതിയായ ആളുടെ നേതൃത്വത്തിൽ നവകേരള മാർച്ചു നടത്തുന്നതു തടയാൻ മുഖ്യമന്ത്രി ഡൽഹിക്ക് അടിയന്തിരമായി പുറപ്പെട്ടു. പക്ഷേ, പ്രയോജനമുണ്ടായില്ല.

മാർച്ച് ഉദ്ഘാടനം ചെയ്യേണ്ടിയിരുന്ന മുഖ്യമന്ത്രി അതിൽ നിന്നു വിട്ടുനിന്നു. സമാപനം ഉൾപ്പെടെയുള്ള ഒരു ചടങ്ങിലും താൻ പങ്കെടുക്കില്ല എന്ന് ആണയിട്ടു പറഞ്ഞ മുഖ്യമന്ത്രി, ഒടുവിൽ പാർട്ടി സമ്മർദത്തിനു വഴങ്ങി സമാപനവേദിയിലെത്തി. മാർച്ചിനെപ്പറ്റിയോ അതു നയിച്ച പാർട്ടി സെക്രട്ടറിയെപ്പറ്റിയോ ഒരക്ഷരം ഉരിയാടാതെ പ്രസംഗം പൂർത്തിയാക്കിയ മുഖ്യമന്ത്രി, താനും സെക്രട്ടറിയും തമ്മിലുള്ള അഭിപ്രായവ്യത്യാസം അത്യന്തം രൂക്ഷമാണെന്ന സന്ദേശമാണു നല്കിയത്.

പിണറായിയെ പ്രോസിക്യൂട്ട് ചെയ്യാൻ ഗവർണറുടെ അനുമതി തേടിയ സിബിഐയുടെ അഭ്യർത്ഥന ഗവർണർ മന്ത്രിസഭയ്ക്കു കൈമാറുകയും, മന്ത്രിസഭ അത് അഡ്വക്കേറ്റു ജനറലിനയയ്ക്കുകയും ചെയ്തു. ഭരണഘടനാവിധേയമായി താൻ പ്രവർത്തിക്കും എന്നു പ്രഖ്യാപിച്ചുകൊണ്ട് അദ്ദേഹം കേരളജനതയെ സന്ദിഗ്ധതയുടെ മുൾമുനയിൽ നിർത്തി. ഒടുവിൽ പിണറായിയെ തൊട്ടുകളിക്കേണ്ട എന്ന എജിയുടെ ഉപദേശം അപ്പാടെ ഗവർണർക്കു കൈമാറിക്കൊണ്ട് അദ്ദേഹം പതിവുപോലെ പാർട്ടിക്കു കീഴടങ്ങുകയും ചെയ്തു. ഇങ്ങനെ തുടരെത്തുടരെ കേരളജനതയെ വിഡ്ഢികളാക്കിക്കൊണ്ടു മുഖ്യമന്ത്രി വി.എസ്. അച്യുതാനന്ദൻ സമകാലിക രാഷ്ട്രീയനാടകങ്ങളിലെ ബഫൂൺ കഥാപാത്രമായി മാറിക്കൊണ്ടിരിക്കുന്നു!

ഭരണപരാജയത്തിന്റെ ആഴം അളക്കാൻ മന്ത്രിമാരുടെയും സിപിഎമ്മിന്റെയും നെടുവീർപ്പുകൾ തന്നെ മതിയാകും. ഇടതുപക്ഷ സർക്കാർ അധികാരത്തിലേറിയിട്ട് രണ്ടരവർഷമായി. എന്നിട്ടും സർക്കാർ ഓഫീസുകളിൽ കാര്യക്ഷമത കുറയുകയും അഴിമതികൂടി വരികയുമാണെന്നു മന്ത്രി എൻ.കെ. പ്രേമചന്ദ്രൻ തന്നെ ഏറ്റുപറയുന്നു.

കേരളത്തിലെ ഏറ്റവും കുത്തഴിഞ്ഞ ഓഫീസ് ആരോഗ്യവകുപ്പ് ഡയറക്ടറേറ്റാണെന്നു സാക്ഷ്യപ്പെടുത്തിയത് ആരോഗ്യമന്ത്രി പി.കെ. ശ്രീമതി ടീച്ചറാണ്.

കുറച്ചുകൂടി കടുപ്പിച്ചാണു മന്ത്രി സുധാകരന്റെ ആത്മവിമർശനം. സർക്കാർ സാധനങ്ങളെല്ലാം മോഷണം പോവുകയാണെന്നും സ്വയം മോഷ്ടിക്കുന്ന ഉദ്യോഗസ്ഥർ പുറത്തുള്ള ജനങ്ങളുടെ പേരിൽ മോഷണക്കുറ്റം ചുമത്തുകയാണെന്നും അദ്ദേഹം ഉറപ്പിച്ചു പറയുമ്പോൾ ദേവസ്വം, സഹകരണവകുപ്പുകളുടെ അവസ്ഥയെന്താണെന്നു വ്യക്തമായിക്കഴിഞ്ഞല്ലോ. കനത്ത ശമ്പളം വാങ്ങിയിട്ടു ഫയലിൽ ഒരു വരയും രണ്ടക്ഷരവും കുറിച്ച് ഒബ്ജക്ഷനെഴുതുന്നവരാണു സെക്രട്ടേറിയറ്റിലെ ഉദ്യോഗസ്ഥന്മാരെന്നും അദ്ദേഹം സർട്ടിഫിക്കറ്റെഴുതുന്നു! സഹികെട്ടദ്ദേഹം പറഞ്ഞത് സെക്രട്ടറിയറ്റ് ഇടിച്ചുനിരത്തണം എന്നായിരുന്നു!



*മൂന്നും മൂന്നു വഴി!*

ലോക്സഭാ തെരഞ്ഞെടുപ്പിൽ സംസ്ഥാനസർക്കാരിന്റെ ഭരണപരമായ വീഴ്ചകൾ ഇടതുമുന്നണിക്കു കടുത്ത ദോഷമുണ്ടാക്കുമെന്നും അവ തിരുത്താനുള്ള നടപടി ഉടൻ സ്വീകരിക്കണമെന്നും സിപിഎം സംസ്ഥാന കമ്മിറ്റി ഗവൺമെണ്ടിനു മുന്നറിയിപ്പു നല്കുകയും ചെയ്തു. കേരളത്തിന്റെ ക്രമസമാധാനനില തകർന്നു എന്നു കേരളാ ഹൈക്കോടതി പോലും ചൂണ്ടിക്കാട്ടി. പൂതാടി സംഭവം മുൻനിർത്തി ഇതൊക്കെ കേരളത്തിലാണല്ലൊ നടക്കുന്നത് എന്നു ഹൈക്കോടതി ആശ്ചര്യം കൊണ്ടു. എങ്ങനെയുണ്ടു കേരളഭരണം?

പാർട്ടിക്കുവേണ്ടിയല്ലാതെ ജനങ്ങൾക്കുവേണ്ടി ഭരണം നടത്താൻ ഇടതുസർക്കാരിനു കഴിയുന്നില്ല. ജനക്ഷേമത്തിനല്ല അടുത്ത തെരഞ്ഞെടുപ്പിൽ വോട്ടുറപ്പിക്കാനുള്ള കുറുക്കുവഴികൾക്കാണവർ മുൻതൂക്കം നല്കുന്നത്. സമഗ്രവികസനം, സാമൂഹ്യനീതി, സുരക്ഷിത ഇന്ത്യ, ഐശ്വര്യകേരളം തുടങ്ങിയ മുദ്രാവാക്യങ്ങൾകൊണ്ടു ജനങ്ങളുടെ കണ്ണിൽ പൊടിയിടാമെന്നാണവരുടെ ഭാവം.

ആധുനികസാങ്കേതികവിദ്യയുടെയും ശാസ്ത്രവിജ്ഞാനത്തിന്റെയും സാധ്യതകൾ പ്രയോജനപ്പെടുത്തിക്കൊണ്ട് എല്ലാ മേഖലകളിലും വികസനോന്മുഖമായ കുതിച്ചുകയറ്റം നടത്തുന്നതിനവർക്കു താത്പര്യമില്ല. എന്നല്ല അത്തരത്തിലുള്ള ഏതു നീക്കത്തെയും തന്ത്രപൂർവം തകർത്തുകളയാൻ സംഘടിത ശക്തി ഉപയോഗിക്കാനും അവർക്കു മടിയില്ല. ഒന്നരലക്ഷത്തിലധികംപേർക്കു ജോലി സാധ്യതയുണ്ടായിരുന്ന സ്മാർട്ട്സിറ്റിയുടെ ഇപ്പോളത്തെ അവസ്ഥയെന്താണ്? ഏറെത്താമസിയാതെ അത് അയൽ സംസ്ഥാനത്തേക്കു കുടിയേറിയേക്കും.

കേരളജനതയ്ക്ക് ആശ്വാസം പകരുന്ന, പ്രതീക്ഷനല്കുന്ന ഒരു നടപടിയും കൈക്കൊള്ളാൻ തയ്യാറാവാതെ, ജനങ്ങൾക്കിടയിൽ വിഭാഗീയതയും പരസ്പരവൈരവും വളർത്തുകയും എല്ലാവിധ വികസനപ്രവർത്തനങ്ങൾക്കും മേൽ കാലഹരണപ്പെട്ട പ്രത്യയശാസ്ത്രത്തിന്റെ മാറാല വീഴ്ത്തുകയും ചെയ്യുന്ന ഒരു ഭരണത്തെ ജനദ്രോഹഭരണം എന്നല്ലാതെ മറ്റെങ്ങനെയാണു വിശേഷിപ്പിക്കുക? ■

CYAN MAGENTA YELLOW BLACK

CYAN MAGENTA YELLOW BLACK



കാഴ്ചവട്ടം

# കുറ്റവാളികൾ സ്ഥാനാർത്ഥികളാകുമ്പോൾ ?

പ്രൊഫ. മാടവന ബാലകൃഷ്ണപിള്ള

രാഷ്ട്രീയരംഗം സമസ്ത ദുർഗുണങ്ങളുടെയും കക്കൂസായി മാറുന്നതു നാടിനും നാട്ടാർക്കും നാണക്കേടാണ്. തീർത്തും ദേശീയ നാണക്കേട്! കൊള്ളയും കൊലപാതകവും തട്ടിപ്പും വെട്ടിപ്പും നടത്തുന്നവർ തന്നെ നേതൃത്വത്തിലേക്കു കടന്നുവരുന്നതു തടയാൻ ആവുന്നില്ലെന്നുള്ളതാണ് ഇന്നത്തെ രാഷ്ട്രീയ ദുരവസ്ഥ. പണ്ട് അതായിരുന്നില്ല സ്ഥിതി.

മഹാത്മാഗാന്ധിയും ജവഹർലാൽ നെഹ്റുവും സുഭാഷ് ചന്ദ്രബോസും ജയപ്രകാശ് നാരായണനും അണ്ണാദുരൈയും ഇഎംഎസ് നമ്പൂതിരിപ്പാടുമൊക്കെ മാതൃകാ നേതാക്കന്മാരായിരുന്നു. ആശയപരമായി എതിർക്കുന്നവർക്കുപോലും കുറ്റം പറയാനാവാത്ത വ്യക്തിത്വത്തിനുടമകൾ. അതാണിന്നു നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നതും. പഴയ ജനുസിൽപെട്ട നേതാക്കന്മാർ അന്യം നിന്നുകൊണ്ടിരിക്കുകയാണെന്നുള്ള വസ്തുത ഒരു ഞെട്ടലോടെ നാം മനസ്സിലാക്കേണ്ടിയിരിക്കുന്നു.

സ്ഥാനാർത്ഥികളെപ്പറ്റിയുള്ള കഥാകഥനങ്ങൾ ആഴ്ചകളായി നാം കേട്ടുകൊണ്ടിരിക്കുകയാണ്. വായിച്ചുകൊണ്ടിരിക്കുകയാണ്. കുറ്റവാളികൾ രാഷ്ട്രീയപാർട്ടിയെ നയിക്കുക മാത്രമല്ല, ഇവരിൽ പലരും സ്ഥാനാർത്ഥികളുമാണ്. പ്രത്യേകിച്ചും ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിൽ. ഇക്കാര്യത്തിൽ നമ്മുടെ കേരളം എത്രയോ ഭേദം?

ഹരിയാനയിലെ സ്ഥാനാർത്ഥികളിൽ പത്തിൽ ഒരാൾ കുറ്റവാളിയാണെന്നുള്ള വാർത്ത വായിച്ച് അക്ഷരാർത്ഥത്തിൽ ഞെട്ടിപ്പോയി. ഉത്തർപ്രദേശിലും ബീഹാറിലുമൊക്കെ ഇത്തരം കഥകൾ സർവസാധാരണമാണെങ്കിലും ഹരിയാനയിലും കുറ്റവാളി സംസർഗം തുടർക്കഥയാണെന്നതു ഞെട്ടലോടെയാണ് മനസ്സിലായത്. നാഷണൽ ഇലക്ഷൻ വാച്ച് നടത്തിയ ഒരു സർവേയിൽ സ്ഥാനാർത്ഥികളുടെ സ്വഭാവഗുണങ്ങളുടെ വിശദമായ ചിത്രങ്ങൾ വ്യക്തമാക്കിയിരുന്നു.

**കുറ്റവാളികൾ കുറ്റവാളികൾക്കുവേണ്ടി നടത്തുന്ന രാഷ്ട്രീയപ്രവർത്തനങ്ങളിൽ വ്യാപരിക്കുന്നതും കുറ്റവാളികൾ തന്നെ. കട്ടാരമുള്ളിന്റെ മൂട്ടിൽ മുല്ലവള്ളിയല്ലല്ലോ മുളച്ചുപൊങ്ങുക! ഇത്തരക്കാർ വിജയിച്ചുവന്നാൽ, അവരുടെ ശൈലി മറിച്ചാകില്ലല്ലോ? എംപിയായി, ചിലപ്പോൾ കേന്ദ്രമന്ത്രിയായി ഇതേ പ്രവർത്തനങ്ങൾ അന്തസ്സോടെ തുടരും. അഴിമതി നടത്തും. കൊള്ളയും കൊള്ളിവയ്പും നടത്തും. രണ്ടാം വാക്കിനു കേറിയടിക്കും. നിലനില്പിന്നു വേണ്ടി തല്ലാനും കൊല്ലാനും മടിയുണ്ടാകില്ല.**

പത്തുലോക്സഭാ മണ്ഡലങ്ങളിലായി 210 സ്ഥാനാർത്ഥികളാണ് ഹരിയാന എന്ന ഈ കൊച്ചുസംസ്ഥാനത്ത് മത്സര രംഗത്തുള്ളത്. ഇവരിൽ 21 പേർ കുറ്റവാളികളാണ് ആരോപണ വിധേയർ എന്ന നിലയിലല്ല. ഇക്കൂട്ടരുടെ പേരിൽ പോലീസിലും കോടതിയിലും ശക്തമായ കേസുകളുണ്ട്. ആരോപണ വിധേയരല്ലാത്തവർ ഇവരിൽ ആരും തന്നെയില്ലെന്നുള്ളതു വേറെ കാര്യം!

സാമ്പത്തിക ഭദ്രതയിലും സ്ഥാനാർത്ഥികൾ മുന്നിലാണ്. കേരളത്തിൽ ചില സ്ഥാനാർത്ഥികൾ നാമനിർദേശപത്രികകൾ സമർപ്പിച്ചപ്പോൾ അതോടൊപ്പം നല്കേണ്ട സ്ഥിതിവിവരകണക്കുകൾ ശ്രദ്ധിച്ചില്ലേ? ബാങ്കിൽ 3500 രൂപ, ഭാര്യയുടെ പേരിൽ ലോണെടുത്തു നിർമിച്ച വീട്, 14 സെന്റ് സ്ഥലം, ഒരു പശു, ആറു കോഴികൾ എന്നീ മട്ടിലുള്ള സത്യവാങ്മൂലം കാണുമ്പോൾ ഉത്തരേന്ത്യൻ സ്ഥാനാർത്ഥികളും ജനങ്ങളും പുച്ഛിച്ചു തള്ളും. ഹരിയാനയിലെ സ്ഥിതിയെന്താണെന്നറിയേണ്ടേ? 210 സ്ഥാനാർത്ഥികളിൽ 61 പേർക്കും കോടികളുടെ ആസ്തിയാണുള്ളത്. ഇതു രേഖയിലുള്ള വെള്ളപ്പണം! കള്ളപ്പണം വേറെ!

സ്ഥാനാർത്ഥികളിൽ സ്ത്രീസാന്നിധ്യവും വളരെ കുറവാണ്. 210ൽ 14 സ്ത്രീകൾ മാത്രം.

വിദ്യാഭ്യാസയോഗ്യതയുടെ കാര്യം പറയാതിരിക്കുകയാണ് ഭംഗി. സ്ഥാനാർത്ഥികളിൽ ഒരാൾക്ക് അക്ഷരജ്ഞാനമേയില്ല! മഴയത്തുപോലും പള്ളിക്കൂടത്തിൽ കയറിയിട്ടില്ല. സ്ഥാനാർത്ഥികളിൽ 28 പേരാകട്ടെ സ്കൂളുകളിൽ വച്ചുതന്നെ കൊഴിഞ്ഞുപോയവരാണ്. എന്നുവച്ചാൽ പ്രൈമറി സ്കൂൾ വിദ്യാഭ്യാസം പോലും പൂർത്തിയാക്കാത്തവർ.




ബിമാനി എന്ന മണ്ഡലത്തിൽ മത്സരിക്കുന്ന നാലുപേരും കുറ്റവാളികളാണ്. തമ്മിൽ ഭേദം തൊമ്മനെന്ന ന്യായേനയാകും വിജയം! അതോ ഏറ്റവും വലിയ കുറ്റവാളിയാകുമോ വിജയിക്കുക? കൊലപ്പുള്ളിയായ പപ്പു യാദവിനെപ്പോലുള്ളവർ ബീഹാറിൽ വീട്ടിലിരുന്നു വിജയിക്കുന്ന പാരമ്പര്യം നമ്മുടെ മുന്നിലുള്ളപ്പോൾ ഇതും ഇതിനപ്പുറവും നടക്കും.

ഒരു പാർട്ടിയും ഇക്കാര്യത്തിൽ മെച്ചമെന്നു പറയാനാവില്ല. എല്ലാ കക്ഷികളിലും കുറ്റവാളികളുണ്ട്. കൊലപാതകികളുണ്ട്. അഴിമതിയുടെ അവതാരമൂർത്തികളുണ്ട്. ഇവരൊക്കെയാണ് പാർട്ടിയെ നയിക്കുന്നത്. ആരൊക്കെ മത്സരിക്കണമെന്നും മത്സരിക്കേണ്ടെന്നും തീരുമാനിക്കുന്നതും ഇവരൊക്കെ തന്നെ.

കുറ്റവാളികൾ കുറ്റവാളികൾക്കുവേണ്ടി നടത്തുന്ന രാഷ്ട്രീയപ്രവർത്തനങ്ങളിൽ വ്യാപരിക്കുന്നതും കുറ്റവാളികൾ തന്നെ. കട്ടാരമുള്ളിന്റെ മൂട്ടിൽ മുല്ലവള്ളിയല്ലല്ലോ മുളച്ചുപൊങ്ങുക! ഇത്തരക്കാർ വിജയിച്ചുവന്നാൽ, അവരുടെ ശൈലി മറിച്ചാകില്ലല്ലോ? എംപിയായി, ചിലപ്പോൾ കേന്ദ്രമന്ത്രിയായി ഇതേ പ്രവർത്തനങ്ങൾ അന്തസ്സോടെ തുടരും. അഴിമതി നടത്തും. കൊള്ളയും കൊള്ളിവയ്പും നടത്തും. രണ്ടാം വാക്കിനു കേറിയടിക്കും. നിലനില്പിന്നു വേണ്ടി തല്ലാനും കൊല്ലാനും മടിയുണ്ടാകില്ല. പ്രതിഷ്ഠ മാത്രമല്ല, അമ്പലവും വിഴുങ്ങുന്നവരായി മാറും. കാരണം, വിജയിച്ചു കഴിഞ്ഞാൽ ജനപിന്തുണയായി. അധികാരത്തിന്റെ സുവർണമുദ്രകൂടിയാകുമ്പോൾ 'ക്രിമിനലിസം' ശക്തിപ്രാപിക്കും. ജനങ്ങളുടെ വിധിയെന്നല്ലാതെന്തു പറയാൻ?

**കേരളത്തിൽ ചില സ്ഥാനാർത്ഥികൾ നാമനിർദേശപത്രികകൾ സമർപ്പിച്ചപ്പോൾ അതോടൊപ്പം നല്കേണ്ട സ്ഥിതിവിവരകണക്കുകൾ ശ്രദ്ധിച്ചില്ലേ? ബാങ്കിൽ 3500 രൂപ, ഭാര്യയുടെ പേരിൽ ലോണെടുത്തു നിർമിച്ച വീട്, 14 സെന്റ് സ്ഥലം, ഒരു പശു, ആറു കോഴികൾ എന്നീ മട്ടിലുള്ള സത്യവാങ്മൂലം കാണുമ്പോൾ ഉത്തരേന്ത്യൻ സ്ഥാനാർത്ഥികളും ജനങ്ങളും പുച്ഛിച്ചു തള്ളും.**

ഇത്തരം കുറ്റവാളികളുടെ തള്ളിക്കയറ്റം വ്യാപകമാകുന്നതോടെ രാഷ്ട്രീയം മാന്യന്മാർക്ക് ചേരുന്നതല്ലെന്നുള്ള ചിന്താഗതി പടരും. ഇതപകടമാണ്. മാന്യന്മാർ രാഷ്ട്രീയത്തിൽ വരേണ്ടത് അനിവാര്യം. കള്ളക്കൂറ്റന്മാരുടെ കൈപ്പിടിയിൽ രാഷ്ട്രീയത്തെ വിട്ടുകൊടുക്കുന്നതു ഭീകരമാണ്. നാടു വെണ്ണീറാകും.

രാഷ്ട്രീയരംഗത്തു മുഴുവൻ കള്ളന്മാരല്ലെന്നുള്ളതാണ് വസ്തുത. മാന്യന്മാർ ധാരാളമുണ്ട്. അഴിമതിയുടെ കറപുരളാത്തവർ. കുറ്റകൃത്യങ്ങളുടെ അരികിൽകൂടി വഴിനടക്കാത്തവർ. ധാർമികബോധത്തോടെ മാത്രം പ്രവർത്തിക്കുന്നവർ. നാടിന്റെ വികസനം മാത്രം കാംക്ഷിക്കുന്നവർ. നാട്ടാരുടെ ക്ഷേമം മാത്രം കൊതിക്കുന്നവർ.

പക്ഷേ, മറിച്ചുള്ളവർ ഏറെയാണ്. സ്ഥലകാലങ്ങളനുസരിച്ചു കുറ്റവാളികളുടെ എണ്ണത്തിൽ ഏറ്റക്കുറച്ചിലുകൾ ഉണ്ടാകുമെന്നു മാത്രം. കുറ്റവാളികളില്ലാത്ത രാഷ്ട്രീയ മേഖലയെപ്പറ്റി നമുക്കും സ്വപ്നം കാണാം. ഒരു നൂറ്റാണ്ടു കഴിഞ്ഞെങ്കിലും അതു യാഥാർത്ഥ്യമായെങ്കിൽ...!



സൗത്ത് ആഫ്രിക്കൻ പ്രസിഡണ്ടായി തെരഞ്ഞെടുക്കപ്പെട്ട ആഫ്രിക്കൻ നാഷണൽ കോൺഗ്രസ് ലീഡർ ജേക്കബ് സുമയുടെ സത്യപ്രതിജ്ഞാചടങ്ങ് വീക്ഷിക്കുവാൻ പ്രിറ്റോറിയായിൽ തടിച്ചുകൂടിയ ജനങ്ങൾ

CYAN MAGENTA YELLOW BLACK

രാഷ്ട്രീയ കേരളം

# സിപിഎമ്മിന്റെ മുഖംമൂടി അഴിഞ്ഞുവീഴുന്നു

സാബു ജോൺ

തൊഴിലാളിവർഗ, മതേതര, അഴിമതി വിരുദ്ധ പാർട്ടിയെന്ന സിപിഎമ്മിന്റെ ഇമേജ് മാറിമറിയാൻ തുടങ്ങിയിട്ടു കുറേനാളായി. അഴിമതിവിരുദ്ധ ഇമേജിന്റെ അവശേഷിച്ച മുഖംമൂടി കൂടി ഇതാ ഇപ്പോൾ അഴിഞ്ഞുവീണിരിക്കുന്നു.

ലാവ്‌ലിൻ കേസിൽ സിബിഐ സമർപ്പിച്ച കുറ്റപത്രത്തിൽ പ്രതിപ്പട്ടികയിലുണ്ടായിരുന്ന പിണറായി വിജയനെ പ്രോസിക്യൂട്ട് ചെയ്യേണ്ടെന്ന തീരുമാനം രാഷ്ട്രീയമായോ ധാർമികമായോ ജനാധിപത്യപരമായോ അംഗീകരിക്കാൻ സാധിക്കില്ല. അഴിമതി ആക്ഷേപങ്ങളുടെ പേരിൽ സിപിഎം കേരളത്തിൽ കാട്ടിക്കൂട്ടിയിരിക്കുന്ന പരാക്രമങ്ങൾക്കു കണക്കില്ല. ആരോപണം ഉയരുമ്പോൾ തന്നെ ആരോപണവിധേയനായ വ്യക്തി അധികാരസ്ഥാനത്തുണ്ടെങ്കിൽ രാജി ആവശ്യപ്പെട്ടു കൊണ്ടു തെരുവിലിറങ്ങുന്ന പാർട്ടിയാണ് സിപിഎം.

അങ്ങനെയൊരു പശ്ചാത്തലമുള്ള പാർട്ടിയുടെ സമുന്നത നേതാവിനെതിരെ സിബിഐ എന്ന അന്വേഷണ ഏജൻസി ദീർഘകാലം നീണ്ട അന്വേഷണം നടത്തിയാണ് കുറ്റപത്രം സമർപ്പിച്ചത്. അതിൽ പ്രതിസ്ഥാനത്തു വന്ന നേതാവ് കുറ്റക്കാരനല്ലെന്ന് പാർട്ടിക്കാർ ഏകപക്ഷീയമായി പ്രഖ്യാപിച്ചാൽ മതിയോ? പാർട്ടി സംസ്ഥാന കമ്മിറ്റിയോ കേന്ദ്ര കമ്മിറ്റിയോ പോളിറ്റ് ബ്യൂറോയോ ആണോ അഴിമതിക്കേസിൽ ഒരാൾ കുറ്റക്കാരനാണോ അല്ലയോ എന്നു തീരുമാനിക്കേണ്ടത്?

ഈ രാജ്യത്തെ ഏതൊരു പൗരനെയും പോലെ കോടതിയിൽ നിരപരാധിത്വം തെളിയിക്കാൻ പിണറായി വിജയൻ ശ്രമിക്കണമായിരുന്നു. അതിനു തയ്യാറാകാതെ വരുമ്പോൾ സ്വാഭാവികമായും സംശയമുയരുകയില്ലേ? ഇതൊക്കെയാണ് ചിന്തിക്കേണ്ട കാര്യങ്ങൾ.

**പാർട്ടി സംസ്ഥാന കമ്മിറ്റിയോ കേന്ദ്ര കമ്മിറ്റിയോ പോളിറ്റ് ബ്യൂറോയോ ആണോ അഴിമതിക്കേസിൽ ഒരാൾ കുറ്റക്കാരനാണോ അല്ലയോ എന്നു തീരുമാനിക്കേണ്ടത്? ഈ രാജ്യത്തെ ഏതൊരു പൗരനെയും പോലെ കോടതിയിൽ നിരപരാധിത്വം തെളിയിക്കാൻ പിണറായി വിജയൻ ശ്രമിക്കണമായിരുന്നു. അതിനു തയ്യാറാകാതെ വരുമ്പോൾ സ്വാഭാവികമായും സംശയമുയരുകയില്ലേ? ഇതൊക്കെയാണ് ചിന്തിക്കേണ്ട കാര്യങ്ങൾ.**

ഇവിടെയിപ്പോൾ സംശയങ്ങൾ ബലപ്പെടുന്ന രീതിയിലാണു കാര്യങ്ങൾ നീങ്ങുന്നത്. സിബിഐയുടെ നടപടി രാഷ്ട്രീയപ്രേരിതമെന്ന് സിപിഎം തുടക്കത്തിൽ തന്നെ പ്രഖ്യാപിച്ചു. അതു പറയാൻ അവർക്ക് അവകാശമുണ്ട്. ലാവ്‌ലിൻ കേസിനെ നിയമപരമായി നേരിടുമെന്നായിരുന്നു അന്നൊക്കെ പാർട്ടി നേതൃത്വം പറഞ്ഞു വന്നിരുന്നത്. എന്നാൽ പിണറായിയെ പ്രോസിക്യൂട്ട് ചെയ്യുന്ന കാര്യത്തിൽ അനുമതി നല്കേണ്ട എന്നു തീരുമാനിക്കുകവഴി നിയമത്തിനു മുന്നിൽ പിണറായി വിജയനെ എത്തിക്കാതിരിക്കാനുള്ള നീക്കമാണ് സിപിഎമ്മും അവർ നയിക്കുന്ന സർക്കാരും നടത്തിയിരിക്കുന്നത്. അതിനാൽ തന്നെ പിണറായിയും കൂട്ടരും എന്തിനെയോ ഭയപ്പെടുന്നു എന്ന പ്രതീതിയാണ് യഥാർഥത്തിൽ സൃഷ്ടിച്ചിരിക്കുന്നത്.

ജനാധിപത്യ സംവിധാനത്തിൽ പ്രവർത്തിക്കുന്ന ഒരു രാഷ്ട്രീയപാർട്ടി രാജ്യത്തു നിലവിലുള്ള നിയമസംവിധാനത്തെ ഭയപ്പെടുന്നതു ശരിയായ രീതിയല്ല. ലാവ്‌ലിൻ കേസിൽ സിബിഐ, രാഷ്ട്രീയ പ്രേരിതമായി പിണറായി വിജയനെ പ്രതിപ്പട്ടികയിൽ ചേർത്തതാണ് എന്നു പൂർണവിശ്വാസമുണ്ടെങ്കിൽ കോടതിയിലൂടെ അതു തെളിയിച്ച് ജനങ്ങൾക്കു മുമ്പിൽ അഭിമാനത്തോടെ ശിരസുയർത്തി നില്ക്കാനുള്ള സാഹചര്യം സൃഷ്ടിക്കണമായിരുന്നു. അതിനൊന്നും തയാറാകാതെ വീണുകിട്ടുന്ന ഏത വസരവും മുതലാക്കി കേസിനെ അട്ടിമറിക്കാനുള്ള ശ്രമങ്ങളാണ് ഇവിടെ ഇപ്പോൾ നടക്കുന്നത്.

ലാവ്‌ലിൻ കേസിനു വർഷങ്ങളുടെ പഴക്കമുണ്ട്. ദീർഘകാലത്തെ നിയമപോരാട്ടത്തിനു ശേഷമാണ് ഈ കേസിൽ സിബിഐ കുറ്റപത്രം സമർപ്പിച്ചിരിക്കുന്നത്. എന്നാൽ അതിനുശേഷവും കേസ് നീട്ടിക്കൊണ്ടു പോകുന്നതിനുള്ള തന്ത്രങ്ങളാണ് സിപിഎം നേതൃത്വവും, അവരുടെ നിർദേശപ്രകാരം സർക്കാരും നടത്തിവന്നിരുന്നത്. ഇപ്പോഴിതാ പ്രോസിക്യൂഷൻ അനുമതി നിഷേധിച്ചു കൊണ്ട്, കേരളം കണ്ട ഏറ്റവും വലിയ അഴിമതി കേസ് അട്ടിമറിക്കാനുള്ള ശ്രമം വീണ്ടും നടത്തിയിരിക്കുന്നു.

അഴിമതി കേസുകൾ പലത് കേരളം കണ്ടിട്ടുണ്ട്. ഇതിൽ രാഷ്ട്രീയ അഴിമതി കേസുകളിൽ അട്ടിമറി ശ്രമങ്ങളും നടന്നിട്ടുണ്ട്. ലാവ്‌ലിൻ കേസും ആ വഴിയേ നീങ്ങുന്നതാണിപ്പോൾ കാണുന്നത്. എങ്കിലും സാധാരണക്കാരന് നീതിന്യായ വ്യവസ്ഥയിൽ വിശ്വാസമുണ്ട്. എന്തെല്ലാം അട്ടിമറി ശ്രമങ്ങൾ നടന്നാലും ഒടുവിൽ കുറ്റക്കാർ നിയമത്തിനു മുന്നിലെത്തുമെന്നു ലാവ്‌ലിൻ കേസിന്റെ കാര്യത്തിലും ഉറച്ചു വിശ്വസിക്കാം. ■




**ലാവ്‌ലിൻ കേസിനു വർഷങ്ങളുടെ പഴക്കമുണ്ട്. ദീർഘകാലത്തെ നിയമപോരാട്ടത്തിനു ശേഷമാണ് ഈ കേസിൽ സിബിഐ കുറ്റപത്രം സമർപ്പിച്ചിരിക്കുന്നത്. എന്നാൽ അതിനുശേഷവും കേസ് നീട്ടിക്കൊണ്ടു പോകുന്നതിനുള്ള തന്ത്രങ്ങളാണ് സിപിഎം നേതൃത്വവും, അവരുടെ നിർദേശപ്രകാരം സർക്കാരും നടത്തിവന്നിരുന്നത്. ഇപ്പോഴിതാ പ്രോസിക്യൂഷൻ അനുമതി നിഷേധിച്ചു കൊണ്ട്, കേരളം കണ്ട ഏറ്റവും വലിയ അഴിമതി കേസ് അട്ടിമറിക്കാനുള്ള ശ്രമം വീണ്ടും നടത്തിയിരിക്കുന്നു.**

## പൊട്ടിത്തെറിക്ക് അരങ്ങൊരുങ്ങുന്നു

സിപിഎമ്മിൽ വലിയൊരു പൊട്ടിത്തെറിക്കുള്ള അരങ്ങൊരുങ്ങുകയാണ്. ലാവ്‌ലിൻ കേസിൽ പാർട്ടി തീരുമാനം പ്രതിഷേധത്തോടെയാണെങ്കിലും അംഗീകരിക്കാൻ മുഖ്യമന്ത്രി വി.എസ്. അച്യുതാനന്ദൻ തയ്യാറായതും പലതും പ്രതീക്ഷിച്ചുകൊണ്ടാണ്.

ഇത്തവണ തെരഞ്ഞെടുപ്പിനു മുന്നോടിയായുള്ള രാഷ്ട്രീയ നീക്കങ്ങളിലോ തെരഞ്ഞെടുപ്പു പ്രചാരണരംഗത്തോ വിഎസിന് കാര്യമായ റോളില്ലായിരുന്നു. അതുകൊണ്ടുതന്നെ പുതുമുഖ സ്ഥാനാർഥികളെ നിശ്ചയിച്ചതും, പിഡിപിയുമായി പരസ്യമായ സഖ്യത്തിനു പോയതും സിപിഐ, ജനതാദൾ, ആർഎസ്പി തുടങ്ങിയ ഘടകകക്ഷികളുമായി ഏറ്റുമുട്ടിയതുമെല്ലാം പിണറായിയുടെ തന്നിഷ്ടപ്രകാരമായിരുന്നു.

കൂടാതെ പിണറായിക്ക് പൂർണ ആധിപത്യമുള്ള പാർട്ടി സംസ്ഥാന കമ്മിറ്റിയും പിണറായിക്ക് വേണ്ടി കണ്ണടച്ച് നിലപാട് സ്വീകരിക്കുന്ന പോളിറ്റ് ബ്യൂറോയും അദ്ദേഹത്തിന് സംരക്ഷണഭിത്തി നിർമിക്കുമ്പോൾ അച്യുതാനന്ദന്റെ മുന്നിൽ രണ്ടുവഴിയേ അവശേഷിക്കുന്നുള്ളൂ. ഒന്നുകിൽ മുഖ്യമന്ത്രിപദം വലിച്ചെറിഞ്ഞ് വെളിയിൽപോവുക. രണ്ട്, കഴിഞ്ഞ മൂന്നുവർഷമായി തുടർച്ചയായി ചെയ്യുന്നതുപോലെ കലാപക്കൊടി താഴ്ത്തി നിശ്ശബ്ദനാവുക.

രണ്ടാമത്തെ മാർഗമാണ് അദ്ദേഹം സ്വീകരിക്കുന്നതെങ്കിൽ അവശേഷിക്കുന്ന അനുയായികളും അണികളും കൂടി നഷ്ടപ്പെട്ട് അദ്ദേഹം പാർട്ടിയിൽ ഒറ്റയാനാകും.